പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2269 **27-10-2026-ൽ മറുപടിയ്ക്ക്**

ജയിൽ വകുപ്പിലെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. എ. ഡി. തോമസ്

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. സന്ദീപ് വാര്യർ

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ജയിലുകളിൽ നിലവിലുള്ള വീഡിയോ കോൺഫറൻസിങ് സംവിധാനത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നവീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്തെ എല്ലാ ജയിൽ സ്ഥാപനങ്ങളെയും ബന്ധപ്പെട്ട കോടതികളെയും ബന്ധിപ്പിച്ചുകൊണ്ട് നിലവിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, നടപ്പ് സാമ്പത്തിക വർഷത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ₹10 കോടി രൂപയും സെൻട്രൽ സെക്ടർ സ്കീമിൽ ഉൾപ്പെടുത്തി 2 കോടി രൂപയും അടക്കം ആകെ 12 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് 86 ജയിൽ ലൊക്കേഷനുകളിലും 71 കോടതി ലൊക്കേഷനുകളിലും പോർട്ടബിൾ വീഡിയോ കോൺഫറൻസിംഗ് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി കെൽട്രോണിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ തടവുകാരെ വീഡിയോ കോൺഫറൻസിംഗ് മുഖേന കോടതികളിൽ ഹാജരാക്കുന്ന നടപടികൾ കൂടുതൽ സുഗമവും കാര്യക്ഷമവുമാക്കാൻ സാധിക്കുന്നതാണ്.

(ബി) തടവുകാരെ കോടതികളിൽ ഹാജരാക്കുന്നതിനും വിചാരണനടപടികൾ വേഗത്തിലാക്കുന്നതിനും പോർട്ടബിൾ വീഡിയോ കോൺഫറൻസിങ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) നിലവിലുള്ള വീഡിയോ കോൺഫറൻസിങ് സംവിധാനത്തിലെ സാങ്കേതിക പരിമിതികൾ പരിഹരിച്ച് തടസ്സമില്ലാത്തതും സുരക്ഷിതവുമായ ആശയവിനിമയം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) സംസ്ഥാനത്തെ എല്ലാ ജയിലുകളിലും ആവശ്യമായ സാങ്കേതികസൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കി വീഡിയോ കോൺഫറൻസിങ് സംവിധാനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഇ) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി തടവുകാരുടെ കോടതി ഹാജർ നടപടികൾ കൂടുതൽ സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ